LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളും, ഉപകരണങ്ങളും ആവശ്യകതയും ലഭ്യതയുമനുസൃതമായി, മറ്റു സ്റ്റേഷനുകളിലെന്നപോലെ മാവേലിക്കര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലും നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി മരുന്ന് വ്യാപാരം തടയുന്നതിനായി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് നിരീക്ഷണം നടത്തിവരുന്നു. ഇതിലേക്ക് ഈ വർഷം ഏറനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസും, മാവേലിക്കര പോലീസ് സ്റ്റേഷനിൽ നാല് കേസുകളും വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകളും രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇടർന്നും റെയ്ഡുകൾ ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ ഏറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം (CIAT) സ്കൂൾ അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

വൈപ്പിനിൽ ഫയർ സ്റ്റേഷൻ

273 (275) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വൈപ്പിനിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എളങ്കുന്നപ്പുഴ പഞ്ചായത്തിൽ ബെൽബോയ്സ് പടിഞ്ഞാറ് ഭാഗത്തുള്ള പുറമ്പോക്ക് ഭൂമിയിൽ വൈപ്പിൻ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം 13-7-2012-ൽ നടന്ന പഞ്ചായത്ത് മീറ്റിംഗിലെ VII (4)-ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ആയതിനുള്ള മേൽ നടപടികൾ പഞ്ചായത്ത് കമ്മിറ്റി കൂടി അടിയന്തരമായി സ്വീകരിക്കുന്നതാണെന്നും എളങ്കുന്നപ്പുഴ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നൽകിവരുന്നത്.

മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ

274 (276) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഏത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ മന്ത്രിസഭയിലെ 3 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(1) ശ്രീ. അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി)

ശ്രീ. അടൂർ പ്രകാശ്, സെപ്റ്റംബർ 2004 മുതൽ മേയ് 2006 വരെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ. എന്ന നമ്പരിലുള്ള വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

(2) ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)

ശ്രീ. പി. ജെ. ജോസഫ് 1997-ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നല്കുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 5/2012/ഇ.ആർ.കെ., വി.സി. 6/2012/ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly